(സി) ഹജ്ജ് തീർത്ഥാടകർക്കുവേണ്ടി കരിപ്പൂർ എയർപോർട്ടിനു സമീപം പ്രത്യേക ഹജ്ജ് ക്യാമ്പ് ഒരുക്കുന്നുണ്ട്, അവിടെ ഹാജിമാർക്ക് വിശ്രമിക്കുവാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും യാത്രാരേഖകൾ വാങ്ങുന്നതിനും ലഗ്ഗേജുകൾ ഏൽപ്പിക്കുന്നതിനും മറ്റും സൗകര്യം ഏർപ്പെടുത്തുന്നുണ്ട്.

(ഡി) കരിപ്പൂരിൽ നിലവിലുള്ള ഹജ്ജ് ഹൗസിനു സമീപം എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം ഹജ്ജ് ഹൗസ് പണിയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ദിനേശ് ബീഡി സഹകരണസംഘം എടുത്തിട്ടുള്ള വായ്പ

38 [2175] ശ്രീമതി മേഴ്സി രവി:
ശ്രീ. ബി. വിജയകുമാർ:
,, ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി സഹകരണ സംഘം എത്ര രൂപ വായ്പ എടുത്തിട്ടുണ്ട്;

(ബി) എവിടെ നിന്നെല്ലാമാണ് ഈ വായ്പയെടുത്തത്;

(സി) ഓരോ സ്ഥാപനത്തിൽനിന്നും ഈ സഹകരണസംഘം എന്തു തുക വീതം വായ്പയെടുത്തു എന്ന് കാണിക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ഡി) മുതൽ പലിശയിനത്തിൽ ദിനേശ് ബീഡി സഹകരണ സംഘം എന്തു തുക കൊടുത്തു തീർക്കാനുണ്ട്; ഇതിൽ പലിശയിനത്തിൽ എന്തു തുകയുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആൻറ് സി) ദിനേശ് ബീഡി സഹകരണസംഘം കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 4.25 കോടി രൂപയുടെ ടേം ലോണും ഒരു കോടി രൂപ ക്യാഷ് ക്രെഡിറ്റിനത്തിലും എടുത്തിട്ടുണ്ട്.

(ഡി) ടേം ലോണായ 4.25 കോടി രൂപയിൽ 1.60 കോടി രൂപ ഇതിനകം തിരിച്ചടച്ചു. പലിശയിനത്തിൽ തുക അടയ്ക്കാനില്ല.

ദിനേശ് ബീഡി സഹകരണസംഘം വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ മുതൽമുടക്ക്

39 [2176] ശ്രീ. ജി. കാർത്തികേയൻ:
,, പി. ജെ. ജോയി:
,, ബി. വിജയകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ദിനേശ് ബീഡി സഹകരണസംഘം വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചത്; അവയ്ക്കുള്ള മുതൽമുടക്ക് എത്ര വീതമായിരുന്നു;

(ബി) ഇവ ഓരോന്നും ഇതുവരെ എന്തു നഷ്ടം വീതം വരുത്തിയിട്ടുണ്ട്;

(സി) ഈ സംരംഭങ്ങളെ കൈമാറ്റം നടത്തി പ്രസ്തുത നഷ്ടം കുറയ്ക്കുന്നതിന് ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) വൈവിദ്ധ്യവൽക്കരണത്തിന്റെ പേരിൽ ദിനേശ് ഫുഡ്സ്, ദിനേശ് അംബ്രല്ല, ഇൻഫർമേഷൻ ടെക്നോളജി സിസ്റ്റം, കൂടാതെ ദിനേശ് ആഡിറ്റോറിയം എന്നീ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുടെ മുതൽമുടക്കിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ദിനേശ് ഫുഡ്സ് .. 47 ലക്ഷം രൂപ (നഷ്ടം)
ദിനേശ് അംബ്രല്ല .. 21 ലക്ഷം രൂപ (,,)
ഇൻഫർമേഷൻ ടെക്നോളജി .. 21 ലക്ഷം രൂപ (,,)

(സി) ഇക്കാര്യം തീരുമാനിക്കേണ്ടത് ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ ഭരണസമിതിയാണ്.

വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് പദ്ധതി

40 [2177] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, സി. പി. മുഹമ്മദ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ജെ. ജോയി;
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം എത്ര വനിതാ സംരംഭകർക്ക് സഹായം നൽകി;

(സി) എത്ര പേർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതാ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് നടപ്പിലാക്കിവന്നിരുന്ന വനിതാ വ്യവസായ പദ്ധതി 1997 മുതൽ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തു. 2001 വരെ ജില്ലാ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി പ്രകാരം വനിതാ വ്യവസായ സ്ഥാപനങ്ങൾക്ക് സഹായം നൽകിയിരുന്നു. വ്യക്തിഗത ഉപഭോക്താക്കൾക്ക് സഹായം നൽകാൻ കഴിയില്ല എന്ന നിർദ്ദേശത്തെ തുടർന്ന് ജില്ലാ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി 2001-നുശേഷം നടപ്പിലാക്കുന്നില്ല. അതിനാൽ ഈ പദ്ധതി വ്യവസായ വകുപ്പിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly